# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1125   11.06.2019 ൽ മറുപടിക്ക്**

**കെ.എസ്.റ്റി.പി. പദ്ധതിയുടെ രണ്ടാം ഘട്ടം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.എൽദോസ്.പി. കുന്നപ്പിള്ളിൽ**<br>**ശ്രീ.ഷാഫി പറമ്പിൽ** | **ശ്രീ ജി സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കെ.എസ്.റ്റി.പി. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണം ഇനിയും പൂർത്തിയാക്കാത്ത സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | എ) കെ.എസ്.റ്റി.പി യുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളിൽ 6 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പാക്കേജുകളിൽ 2 പാക്കേജുകൾ പൂർത്തീകരണഘട്ടത്തിലും, 2എണ്ണം ആരംഭഘട്ടത്തിലുമാണ്. അതിൽ തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ റീടെണ്ടർ നടത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവല്ല ടൗൺ നവീകരണം എന്ന പ്രവൃത്തി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടിയിരുന്ന പുനലൂർ - പൊൻകുന്നം റോഡ് ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) മാതൃകയിൽ 3 പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു. 2019 ജൂലൈ മാസത്തോടെ ഈ 3 പാക്കേജുകളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിയുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br>പദ്ധതിയുടെ കാലാവധി 30.04.2021 വരെയാണ് ലോകബാങ്ക് തത്വത്തിൽ നീട്ടി നൽകിയിരിക്കുന്നത്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടി അവലോകനയോഗങ്ങൾ നടത്തുകയും ആയതിനു വേണ്ട നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി ലോകബാങ്ക് സമയം നീട്ടി നൽകിയിട്ടുണ്ടോ; | ബി) പദ്ധതിയുടെ കാലാവധി 30.04.2021 വരെ ലോകബാങ്ക് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| സി) പദ്ധതി നടത്തിപ്പിൽ ഉണ്ടായിട്ടുള്ള കാലതാമസത്തെ സംബന്ധിച്ചും നിർമ്മിച്ച റോഡിന്റെ ഗുണനിലവാരമില്ലായ്മയെ | സി) ഇല്ല. |

സംബന്ധിച്ചും ലോകബാങ്ക് അനുമതി രേഖപ്പെടുത്തിയിട്ടുണ്ടോ;

ഡി) പൊൻകുന്നം മുതൽ പുനലൂർ വരെയുള്ള ഡി) ഭാഗത്തെ റോഡ് നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇതിന്റെ അടങ്കലെത്രയാണെന്നും പ്രസ്തുത അടങ്കൽ ഇതിനകം എത്ര തവണ പുതുക്കിയെന്നും അറിയിക്കാമോ?

പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടിയിരുന്ന പുനലൂർ - പൊൻകുന്നം റോഡ് ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) മാതൃകയിൽ 3 പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു.

EPC മാതൃകയിൽ തരം തിരിച്ച് 3 പാക്കേജുകളുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **പാക്കേജ് നം.** | **റോഡിന്റെ പേരും ദൈർഘ്യവും** |
|---|---|
| 8 എ | പുനലൂർ മുതൽ കോന്നി വരെ (ചെയിനേജ് 00+000/29+840) |
| 8 ബി | കോന്നി മുതൽ പ്ലാച്ചേരി വരെ (ചെയിനേജ് 29+840/60+000) |
| 8 സി | പ്ലാച്ചേരി മുതൽ പൊൻകുന്നം വരെ (ചെയിനേജ് 60+000/82+173) |

ഈ മൂന്ന് പാക്കേജുകളുടെയും ടെണ്ടർ ഇവാല്യുവേഷൻ നടപടികൾ നടന്നു വരുന്നു. 2019 ജൂലൈ മാസത്തോടെ ഈ 3 പാക്കേജുകളുടെയും നിർമ്മാണ പ്രവർത്തികൾക്ക് വേണ്ടിയുള്ള കരാറിൽ ഏർപ്പെടുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പുനലൂർ - പൊൻകുന്നം റോഡിന്റെ അടങ്കൽ തുക 728 കോടി രൂപയാണ്. 2013 -ൽ തയ്യാറാക്കിയ ഡി പി ആർ വീണ്ടും 2018 ൽ പുതുക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ